"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇടുക്കി കൊക്കയാർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വെള്ളക്കരം ഒടുക്കുവാൻ പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ( പ്രോജക്റ്റ് നമ്പർ 95/25, അടങ്കൽ - 1,93,796 രൂപ, വികസന ഫണ്ട് ജനറൽ, പദ്ധതിയുടെ പേര് - പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ) കൊക്കയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2686/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. കൊക്കയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.06.2024-ലെ തീരുമാനം നമ്പർ 07(10) (SRG/655/24 CC/352/24)
2. കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.06.2024- ലെ SC2/4236/R/2024/2 നമ്പർ കത്ത്
3. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.24

**ഉത്തരവ്**

ഇടുക്കി കൊക്കയാർ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർ ചാർജിനത്തിലെ കുടിശ്ശിക 2022-23 സാമ്പത്തിക വർഷം ഒടുക്കവരുത്തിയിട്ടുള്ളതും സംയുക്ത പരിശോധനപൂർത്തികരിച്ചിട്ടുള്ളതുമാണ്. നടപ്പ് സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കവരുത്തുന്നതിലേക്കായി പ്ലാൻ ഫണ്ട് ജനറൽ ഉപയോഗിച്ച് 95/2024-25 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ എന്ന പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നെങ്കിലും പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് പ്ലാൻഫണ്ട് ഉപയോഗിക്കുന്നതിന് നിലവിൽ മാർഗ്ഗരേഖപ്രകാരം അനുമതി ഇല്ലാത്തതിനാൽ ടി പദ്ധതിയ്ക്ക് വെറ്റിംഗ് ലഭിച്ചിരുന്നില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചിലവുകൾക്കുപോലും തനത് ഫണ്ട് അപര്യാപ്തമായിട്ടുള്ളതും ഗ്രാമപഞ്ചായത്തിന്റെ ശമ്പളം, ഹോണറേറിയം ഉൾപ്പെടെയുള്ള. ടി ദൈനംദിന ചിലവുകൾക്കായി ജനറൽ പർപ്പസ് ഗ്രാന്റിനെ ആശ്രയിച്ച് പോരുന്നതുമായ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വെള്ളക്കരം ഒടുക്കുവാൻ പ്രൊജക്റ്റ് ഏറ്റെടുത്ത്

നടപ്പാക്കുന്നതിന് ( പ്രോജക്റ്റ് നമ്പർ 95/25, അടങ്കൽ - 1,93,796 രൂപ, വികസന ഫണ്ട് ജനറൽ, പദ്ധതിയുടെ പേര് - പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ) പ്രത്യേക അനുമതി നൽകുന്നതിന് പരാമർശം (1) ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. തനത് ഫണ്ട് ഇല്ലാത്തത്തിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വെള്ളക്കരം ഒടുക്കുവാൻ അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊക്കയാർ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് ഇല്ലാത്തത്തിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വെള്ളക്കരം ഒടുക്കുവാൻ പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ( പ്രോജക്റ്റ് നമ്പർ 95/25, അടങ്കൽ - 1,93,796 രൂപ, വികസന ഫണ്ട് ജനറൽ, പദ്ധതിയുടെ പേര് - പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ) കൊക്കയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കൊക്കയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 06-11-2025 10:28:05